പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1725 03/05/2017- ൽ മറുപടിയ്ക്ക്

# യാചകപുനരധിവാസകേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ബഹു.ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | യാചകപുനരധിവാസകേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) യും (ബി) യും | യാചകരെയും അലഞ്ഞുതിരിയുന്നവരെയും സംരക്ഷിക്കുകയും അവരുടെ പുനരധിവാസം ഉറപ്പാക്കുകയും ചെയ്യുക എന്നുള്ള ലക്ഷ്യത്തോടെ സന്നദ്ധ സംഘടനകൾ നടത്തുന്ന യാചക പുനരധിവാസ-കേന്ദ്രങ്ങൾക്ക് ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം നൽകുന്നുണ്ട്. ഗ്രാന്റിന് അനുമതിയുള്ള യാചകമന്ദിരങ്ങൾക്ക് ഒരു അന്തേവാസിക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ ഗ്രാന്റ് നൽകുന്നുണ്ട്. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങൾ, ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ എന്നിവർ ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. ഗ്രാന്റുമായി ബന്ധപ്പെട്ട് സംസ്ഥാന ആഡിറ്റ് വകുപ്പ് ഉദ്യോഗസ്ഥരും പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. അഭയസ്ഥാനമില്ലാതെ നഗരത്തിലെ ബസ് സ്റ്റാന്റിലും മറ്റും എത്തപ്പെടുന്ന യാത്രികർക്കും |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കേന്ദ്രങ്ങളുടെ പുരോഗതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | | |

| | | | |
|---|---|---|---|
| | | | അതുപോലെ അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാല അഭയകേന്ദ്രമായി 'എന്റെ കൂട്' എന്ന പദ്ധതി കോഴിക്കോട് ജില്ലയിൽ നടന്നുവരുന്നു. ഇവിടെ എത്തപ്പെടുന്ന അന്തേവാസികൾക്ക് താൽക്കാലിക അഭയസ്ഥാനം ഒരുക്കിയും പുനരധിവാസം ആവശ്യമായവർക്ക് ടി സ്ഥാപനങ്ങൾ വഴി പുനരധിവാസം സാധ്യമാക്കുകയുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. തെരുവിൽ അലഞ്ഞ് തിരിഞ്ഞ് നടക്കുന്നവരുടെ താൽക്കാലിക പുനരധിവാസത്തിനും ചികിത്സയ്ക്കുമായി എറണാകുളം ജില്ലയിൽ തെരുവോരം അസോസിയേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന തെരുവു വെളിച്ചം പ്രോജക്ടിന് സർക്കാർ സഹായം അനുവദിക്കുന്നുണ്ട്. ഈ പ്രോജക്ടിലൂടെ താൽക്കാലിക അഭയം നൽകുന്നവരെ ടി സ്ഥാപനങ്ങളിലൂടെ പുനരധിവാസം സാധ്യമാക്കുകയോ അവരവരുടെ വീടുകളിൽ എത്തിക്കുകയോ ചെയ്യുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.<br>തെരുവിൽ യാചകവൃത്തിയിൽ ഏർപ്പെട്ടിട്ടുള്ളവരും അനാഥരുമായ ആളുകളെ കണ്ടെത്തിയാൽ അടിയന്തിര ആവശ്യപ്രകാരം ഭക്ഷണം. വസ്ത്രം, മരുന്ന് എന്നിവയ്ക്കായി ചെലവഴിക്കുന്നതിന് എല്ലാ ജില്ലാ ഓഫീസർമാർക്കും കണ്ടിജൻസി ഫണ്ട് ഇനത്തിൽ ഓരോ വർഷവും 10,000/- രൂപ വീതം അനുവദിച്ച് നൽകുന്നുണ്ട്. ഇത്തരത്തിലുള്ള ആൾക്കാരെ കണ്ടെത്തിയാൽ അടിയന്തിര ആവശ്യങ്ങൾ നിറവേറ്റിയ ശേഷം ഏതെങ്കിലും പുനരധിവാസ കേന്ദ്രങ്ങളിൽ എത്തിച്ച് പുനരധിവാസം സാധ്യമാക്കുന്നുണ്ട്. ഭിക്ഷാടനം |

| | | | |
|---|---|---|---|
| | | | നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ പോലീസിന്റെ സഹായത്തോടെ ഇത്തരത്തിലുള്ള ആൾക്കാരെ ഏതെങ്കിലും യാചകമന്ദിരങ്ങളിൽ എത്തിച്ച് പുനരധിവസിപ്പിക്കുന്നു. ഗ്രാന്റുകൾ. കുടിശ്ശികയില്ലാതെ നൽകിയിട്ടുണ്ട്. |
| (സി) | യാചകപുനരധിവാസ കേന്ദ്രത്തിൽ എത്തിക്കപ്പെട്ടവർ അവിടം വിട്ടുപോകുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | അത്തരം പരാതികൾ ലഭിച്ചിട്ടില്ല. |
| (ഡി) | എങ്കിൽ യാചകരുമായി ബന്ധപ്പെട്ട ഭിക്ഷാടനമാഫിയ-യാണ് ഇതിന്റെ പിന്നിലെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ? | (ഡി) & (ഇ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും മുൻകരുതൽ എന്ന നിലയ്ക്ക് പോലീസിലെ രഹസ്യാന്വേഷണ വിഭാഗം, ഷാഡോ പോലീസ് കൂടാതെ മൊബൈൽ പട്രോളിംഗ് എന്നിവയുടെ സഹായത്തോടുകൂടിയും ബീറ്റ് സഞ്ചരിക്കുന്ന സമയത്തും എല്ലാത്തരം ഭിക്ഷാടന പ്രവർത്തനങ്ങളെയും പ്രത്യേകം ശ്രദ്ധിക്കുന്നു. കൂടാതെ റെയിൽവേ സ്റ്റേഷൻ - ബസ് സ്റ്റാന്റ് പരിസരങ്ങളിൽ നിരന്തരം നിരീക്ഷണം നടത്തി വരുന്നു. |
| (ഇ) | ഉണ്ടെങ്കിൽ ഇത്തരം ഭിക്ഷാടനമാഫിയകളെ നിയന്ത്രി-ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചി-രിക്കുന്നത്; വിശദമാക്കാമോ? | | |

**സെക്ഷൻ ഓഫീസർ.**